**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4030 — 12.12.2018 ൽ മറുപടിക്ക്

## മെഡിക്കൽ മാലിന്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | മെഡിക്കൽ മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | (എ) | നിലവിൽ സംസ്ഥാനത്ത് ബയോമെഡിക്കൽ മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കുന്നതിനുള്ള ഒരു പൊതു സംവിധാനം പാലക്കാട് ജില്ലയിൽ, കഞ്ചിക്കോട് ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന IMAGE എന്ന സ്ഥാപനമാണ്.<br><br>ആശുപത്രിയിലെ ബയോ മെഡിക്കൽ മാലിന്യങ്ങളായ സൂചികൾ, സിറിഞ്ചുകൾ, മരുന്നുകൾ, കോട്ടൺ, കത്തീറ്ററുകൾ, മനുഷ്യകോശ അവശിഷ്ടങ്ങൾ തുടങ്ങിയവ വേർതിരിച്ച ശേഷം 'IMAGE' സംവിധാനം വഴി സംസ്കരിക്കുന്നു. ചില ആശുപത്രികളിൽ ഇതിന് വേണ്ടി ഇൻസിനറേറ്ററുകൾ, ഷാർപ്പ് പിറ്റ് തുടങ്ങിയ സംവിധാനങ്ങളും നിലവിലുണ്ട്.<br><br>പേപ്പർ, ഭക്ഷണാവശിഷ്ടങ്ങൾ, പ്ലാസ്റ്റിക് തുടങ്ങിയ ജനറൽ വേസ്റ്റുകൾ അതാത് ആശുപത്രികളിൽ തന്നെ സംസ്കരിക്കുന്നു. ചില ആശുപത്രികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും ഇത്തരം മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നു.<br><br>ദ്രവ്യമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വേണ്ടി സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ചില ആശുപത്രികളിൽ നിലവിലുണ്ട്. പ്രധാനപ്പെട്ട ജില്ലാ /താലൂക്ക് ആശുപത്രികളിൽ ഇൻസിനറേറ്റർ ഉപയോഗിച്ച് ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇമേജ് എന്ന സ്ഥാപനത്തിന്റെ പാലക്കാട് ഫക്ടറിയിൽ സംസ്ഥാനത്ത് ഒട്ടാകെയുള്ള ആശുപത്രികളിലെ മാലിന്യ സംസ്കരണത്തിന് സംവിധാനമുണ്ടോ; | (ബി) | ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇമേജ് എന്ന സ്ഥാപനത്തിന്റെ പാലക്കാട് ഫാക്ടറിയിൽ 37 ടൺ ബയോമെഡിക്കൽ മാലിന്യം സംസ്കരിക്കുന്നതിനുള്ള ശേഷിയുണ്ട്. സംസ്ഥാനത്ത് ഒട്ടാകെയുള്ള ആശുപത്രികളിലെ മാലിന്യ സംസ്കരിക്കുന്നതിന് ഈ സംവിധാനം പര്യാപ്തമല്ല. |
| (സി) | ഐ.എം.എയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് വേറെ എവിടെയെങ്കിലും ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള യൂണിറ്റ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (സി) | IMA യുടെ ആഭിമുഖ്യത്തിൽ രണ്ടാമത്തെ ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ ഏഴ് ഏക്കർ സ്ഥലം IMA വാങ്ങിയിട്ടുണ്ട്. ഇവിടെ ബയോ മെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സമ്മതപത്രവും ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആയതിന് ആവശ്യമായ മറ്റ് അനുമതികൾ കൂടി ലഭ്യമാക്കി പ്ലാന്റ് പ്രാവർത്തികമാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത ഫാക്ടറി സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പെരിങ്ങമ്മല പരിസ്ഥിതി ദുർബല മേഖലയിലായതിനാലും അവിടെ ഉയർന്നിട്ടുള്ള ജനരോഷവും കണക്കിലെടുത്ത് പ്രസ്തുത പദ്ധതി ഉപേക്ഷിക്കുമോ? | (ഡി) | 2015 ലെ കേന്ദ്ര മിനിസ്ട്രി ഓഫ് എൻവിറോൺമെന്റ് ആന്റ് ഫോറസ്റ്റ്(MoEF) നോട്ടിഫിക്കേഷൻ പ്രകാരവും ബയോ മെഡിക്കൽ വേസ്റ്റ് മാനേജ് മെന്റ് റൂൾസ് 2016 പ്രകാരവും ഇതുമായി ബന്ധപ്പെട്ട് നിലവിലുള്ള മറ്റ് നിയമങ്ങൾ അനുസരിച്ചും ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ഉടമസ്ഥതയിൽ ഇലവുപാലം, പാലോട് ഉള്ള ഭൂമിയിൽ ബയോ മെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് നിയമപരമായി തടസ്സമില്ല. എല്ലാത്തരം മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കെതിരെയും പൊതുവായി ഉണ്ടാകാവുന്ന പരിമിതമായ എതിർപ്പുകൾ മാത്രമാണ് ഇവിടെ നിലനിൽക്കുന്നത്. |

സെക്ഷൻ ഓഫീസർ